പതിനഞ്ചാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 435** **28-01-2026-ൽ മറുപടിയ്ക്ക്**

**ആയുർവ്വേദ, ഹോമിയോ, വെറ്ററിനറി ഡോക്ടർമാർക്ക് കരിയർ അഡ്വാൻസ് സ്കീം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എൻ. എ. നെല്ലിക്കുന്ന് ശ്രീ. വി. ഡി. സതീശൻ

ശ്രീ. എൻ. എ. നെല്ലിക്കുന്ന് (മുഖ്യമന്ത്രി)

**(എ)** ഒൻപതാം ശമ്പള പരിഷ്കരണ കമ്മീഷൻ പ്രൊഫഷണൽ വിഭാഗത്തിലുള്ള ജീവനക്കാർക്കായി കരിയർ അഡ്വാൻസ് സ്കീം നടപ്പിലാക്കിയിരുന്നോ; എങ്കിൽ എപ്പോഴാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ഒൻപതാം ശമ്പള പരിഷ്ക്കരണത്തിൽ സംസ്ഥാന സർക്കാരിനു കീഴിലെ കൃഷി വകുപ്പിലെ അഗ്രിക്കൾച്ചർ ഓഫീസർ, അസിസ്റ്റന്റ് എൻജിനീയർ (അഗ്രി), മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി സർജൻ, പ്രോസിക്യൂഷൻ വകുപ്പിലെ അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടർ ഗ്രേഡ്II, ക്ഷീര വികസന വകുപ്പിലെ ഡയറി എക്സ്ടെൻഷൻ ഓഫീസർ, ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർ, അനലിസ്റ്റ് ഗ്രേഡ് III, ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിലെ അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിലെ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, മെഡിക്കൽ ഓഫീസർ (ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്), ഹാർബർ എഞ്ചിനീയറിഗ് വകുപ്പിലെ അസിസ്റ്റന്റ് എൻജിനീയർ, ആരോഗ്യ വകുപ്പിലെ സയന്റിഫിക്ക് ഓഫീസർ, ഹോമിയോപ്പതി വകുപ്പിലെ മെഡിക്കൽ ഓഫീസർ, ഇൻഡ്യൻ സിസ്റ്റം ഓഫ് മെഡിസിൻ വകുപ്പിലെ മെഡിക്കൽ ഓഫീസർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ(ഹോമിയോ), അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ(ആയുർവേദം), ഇറിഗേഷൻ വകുപ്പിലെ അസിസ്റ്റന്റ് എൻജിനീയർ, ലാന്റ് യൂസ് ബോർഡിലെ അഗ്രിക്കൾച്ചർ ഓഫീസർ/സോയിൽ സർവ്വേ ഓഫീസർ /സോയിൽ സർവ്വേ അസിസ്റ്റന്റ് , തുറമുഖ വകുപ്പിലെ അസിസ്റ്റന്റ് എൻജിനീയർ, പൊതുമരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എൻജിനീയർ, സോയിൽ കൺസർവേഷൻ വകുപ്പിലെ സോയിൽ കൺസർവേഷൻ ഓഫീസർ, സോയിൽ സർവ്വേ ഓഫീസർ/റിസർച്ച് അസിസ്റ്റന്റ്/ ടെക്നിക്കൽ അസിസ്റ്റന്റ്/ കാർട്ടോഗ്രാഫർ, തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വിംഗിലെ അസിസ്റ്റന്റ് എൻജിനീയർ എന്നീ പ്രൊഫഷണൽ വിഭാഗത്തിലുള്ള ജീവനക്കാർക്കായി 29.09.2012 തീയതിയിലെ സ.ഉ.(അച്ചടി) നം.536/2012(116)/ധന പ്രകാരം 01.02.2011 പ്രാബല്യത്തിൽ കരിയർ അഡ്വാൻസ്മെന്റ് സ്കീം നടപ്പിലാക്കിയിരുന്നു.

**(ബി)** പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ഏതെല്ലാം ജീവനക്കാർക്ക് കിട്ടിയിരുന്നുവെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ഒൻപതാം ശമ്പള പരിഷ്ക്കരണത്തിൽ സംസ്ഥാന സർക്കാരിനു കീഴിലെ കൃഷി വകുപ്പിലെ അഗ്രിക്കൾച്ചർ ഓഫീസർ, അസിസ്റ്റന്റ് എൻജിനീയർ (അഗ്രി), മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി

സർജൻ, പ്രോസിക്യൂഷൻ വകുപ്പിലെ അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടർ ഗ്രേഡ്II, ക്ഷീര വികസന വകുപ്പിലെ ഡയറി എക്സ്റ്റെൻഷൻ ഓഫീസർ, ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർ, അനലിസ്റ്റ് ഗ്രേഡ് III, ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിലെ അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിലെ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, മെഡിക്കൽ ഓഫീസർ (ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്), ഹാർബർ എഞ്ചിനീയറിഗ് വകുപ്പിലെ അസിസ്റ്റന്റ് എൻജിനീയർ, ആരോഗ്യ വകുപ്പിലെ സയന്റിഫിക്ക് ഓഫീസർ, ഹോമിയോപ്പതി വകുപ്പിലെ മെഡിക്കൽ ഓഫീസർ, ഇൻഡ്യൻ സിസ്റ്റം ഓഫ് മെഡിസിൻ വകുപ്പിലെ മെഡിക്കൽ ഓഫീസർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ(ഹോമിയോ), അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ(ആയുർവേദം), ഇറിഗേഷൻ വകുപ്പിലെ അസിസ്റ്റന്റ് എൻജിനീയർ, ലാന്റ് യൂസ് ബോർഡിലെ അഗ്രിക്കൾച്ചർ ഓഫീസർ/സോയിൽ സർവ്വേ ഓഫീസർ /സോയിൽ സർവ്വേ അസിസ്റ്റന്റ് , തുറമുഖ വകുപ്പിലെ അസിസ്റ്റന്റ് എൻജിനീയർ, പൊതുമരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എൻജിനീയർ, സോയിൽ കൺസർവേഷൻ വകുപ്പിലെ സോയിൽ കൺസർവേഷൻ ഓഫീസർ, സോയിൽ സർവ്വേ ഓഫീസർ/റിസർച്ച് അസിസ്റ്റന്റ്/ ടെക്നിക്കൽ അസിസ്റ്റന്റ്/ കാർട്ടോഗ്രാഫർ, തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വിംഗിലെ അസിസ്റ്റന്റ് എൻജിനീയർ എന്നീ പ്രൊഫഷണൽ വിഭാഗത്തിലുള്ള ജീവനക്കാർക്കായി 29.09.2012 തീയതിയിലെ സ.ഉ.(അച്ചടി) നം.536/2012(116)/ധന പ്രകാരം 01.02.2011 പ്രാബല്യത്തിൽ കരിയർ അഡ്വാൻസ്മെന്റ് സ്കീം നടപ്പിലാക്കിയിരുന്നു.

**(സി)** ആയുർവ്വേദ, ഹോമിയോ, വെറ്റിനറി ഡോക്ടർമാർക്ക് ഈ സ്കീമിന്റെ ആനുകൂല്യം കിട്ടാത്ത സാഹചര്യം സംജാതമായിരുന്നോ എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>**

ആയുർവേദ, ഹോമിയോ, വെറ്റിനറി ഡോക്ടർമാർക്ക് ഈ സ്കീമിന്റെ ആനുകൂല്യം കിട്ടിയിരുന്നു.

**(ഡി)** 2017-ൽ ആയുർവ്വേദ, ഹോമിയോ, വെറ്റിനറി ഡോക്ടർമാർക്ക് കൂടി ഈ ആനുകൂല്യം അനുവദിച്ച് ഉത്തരവ് ഇറക്കിയിരുന്നോയെന്നും പ്രസ്തുത ഉത്തരവ് തൊട്ടടുത്ത ദിവസം തന്നെ റദ്ദ് ചെയ്തിരുന്നോ എന്നും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** 21.01.2016 തീയതിയിലെ സ.ഉ.(അച്ചടി) നം.7/2016/ധന പ്രകാരമുള്ള X-ാം ശമ്പള പരിഷ്കരണത്തിൽ ആയുർവേദ, ഹോമിയോ, വെറ്റിനറി ഡോക്ടർമാർക്ക് കരിയർ അഡ്വാൻസ്മെന്റ് പ്രകാരമുള്ള ആനുകൂല്യം അനുവദിച്ചിരുന്നു. തുടർന്ന് 03.08.2017 തീയതിയിലെ ജി.ഒ.(എം.സ്)നം.357/2017/(74)/ധന പ്രകാരം മേല്പറഞ്ഞ ജീവനക്കാർക്ക് കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരം 15 വർഷത്തെ സർവ്വീസ് പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള രണ്ടാമത്തെ പ്ലെയിസ്മെന്റ് 68700-110400 രൂപ ശമ്പള സ്കെയിലിൽ 01.02.2016 പ്രാബല്യത്തിൽ അനുവദിച്ച് ഉത്തരവായിരുന്നു. പിന്നീട് 04.08.2017 തീയതിയിലെ ജി.ഒ.(എം.സ്)നം.363/2017/(75)/ധന ഉത്തരവ് പ്രകാരം പ്രസ്തുത ഉത്തരവ് റദ്ദാക്കി.

**സെക്ഷൻ ഓഫീസർ**